LIBRARY ARCHIVES Kerala Legislative Assembly

ത്രീസ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം

172 (2410) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ സംസ്ഥാനത്തിന് വിൽപന നികുതി ഇനത്തിലും എക്സൈസ് നികുതി ഇനത്തിലും പ്രതിവർഷം എത്ര മാത്രം വരുമാന കുറവുണ്ടാകുമെന്നു വ്യക്തമാക്കുമോ ?

(ബി) വരുമാനത്തിലുണ്ടാകുന്ന ഈ കുറവ് പരിഹരിക്കുന്നതിന് ധനവകുപ്പ് കണ്ടെത്തിയിട്ടുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ നികുതി നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത നികുതി നിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്ന അധിക വിഭവ സമാഹരണം എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടെ വരുമാനക്കുറവ് എക്സൈസ് വകുപ്പിനുണ്ടാകും. കൂടാതെ ടി ബാർ ലൈസൻസുകളിൽ നിന്നും പിഴ ഇനത്തിൽ ലഭിച്ചിരിക്കുന്ന വരുമാനവും ബാറുകളിലെ മദ്യവില്പനയിലൂടെയും മദ്യത്തിൽ നിന്നുള്ള എക്സൈസ് ഡ്യൂട്ടിയിനത്തിൽ ലഭ്യമാകുന്ന വരുമാനവും നഷ്ടമാകും. വില്പന നികുതിയിനത്തിലെ കുറവ് കണക്കാക്കിയിട്ടില്ല.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

നികുതിയിനത്തിലെ വരുമാനവും പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശികയും സംബന്ധിച്ച വിവരം

173 (2411) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം സെയിൽസ് ടാക്സ്, വാല്യൂ ആഡഡ് ടാക്സ് എന്നിവ മുഖേന ബഡ്ജറ്റിൽ ലക്ഷ്യമിട്ട ആകെ തുക എത്ര; ഇതിനകം എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്; ഇതേ കാലയളവിൽ മുൻവർഷം ലഭിച്ച വരുമാനം എത്രയായിരുന്നു; സ്വാഭാവിക വർദ്ധന എത്ര ശതമാനം ; ബഡ്ജറ്റിൽ പ്രതീക്ഷിച്ച സ്വാഭാവിക വർദ്ധന യഥാർത്ഥത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വെളിപ്പെടുത്താമോ ;